# പള്ളികഥകൾ

## മിനികഥകൾ എൺപത്തി അഞ്ച്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫ് അച്ചൻ, അമേരിക്കയിലെ വളരെ ചെറിയ ഒരു ഗ്രാമത്തിലെ വളരെ ചെറിയ ഒരു പള്ളിയിലെ കഥയാണ് പറയുന്നത്. വളരെ നിദ്ധനരായ ഏതാനം കുടുംബഗങ്ങളുള്ള ഒരു ഇടവകയാണത്. ആകെ കൂടെ ഇരുപത്തി നാലു കുടുംബഗങ്ങളാണ് ഉള്ളത്. അവരെല്ലാം ഏറ്റവും ചെറിയ വേതനം കിട്ടുന്ന ഒരു കമ്പനിയിലെ ജോലിക്കാരാണ്. ഏതെങ്കിലും കാരണ വസാൽ ആ കമ്പനിക്ക് എന്തെങ്കിലും കുഴപ്പം സംഭവിച്ചാൽ അത്രയും കുടുംബഗങ്ങളും പെരുവഴിയിലാകും.

## ഭൂതം

അവിടെ വളരെ വില കുറച്ച് സ്ഥലവും വീടും കിട്ടുമെന്നത് പലരേയും അവിടേക്ക് ആകഷിക്കുന്ന ഒന്നാണ്. അവിടെ ഒരു ചെറിയ പള്ളിയും അതിനോട് ചേർന്ന് കിടക്കുന്ന അല്പം സ്ഥലവും വളരെ നിസ്സാര വിലക്ക് അവക്കു കിട്ടി. സത്യത്തിൽ ആ തുക പോലും കൊടുത്തു വാങ്ങാൻ അവക്കു പ്രയാസമായിരുന്നു. അതു മനസ്സിലാക്കി അവക്കു വെറുതെ കൊടുത്തതു പോലെ കിട്ടി. അവിടെ പള്ളിക്ക് അത്രയും വിലക്ക് വാങ്ങാൻ ആരും ഇല്ല.
നല്ല ഒരച്ചനെ അവക്കു കിട്ടി. അച്ചന്റെ ഭാര്യ അവിടെ നേഴ്സായിട്ട് അവിടെയുള്ള ആശുപത്രിയിൽ ജോലി ചെയ്യുകയാണ്. അച്ചന് ആ ആശുപത്രിയിൽ തന്നെ ചാപ്ലിനായി നല്ല ശമ്പളത്തിൽ ജോലി ചെയ്യുകയാണ്. ആ പള്ളിയിൽ വരുന്നവരിൽ നല്ല വരുമാനമുള്ളത് അവർ മാത്രമാണ്. എന്നാൽ അച്ചന് നാല് പെൺമക്കളാണുള്ളത്. അച്ചന് സ്വന്തമായി വീടുണ്ടെങ്കിലും ബാക്കി ഇടവക്കാരെല്ലാം എപ്പാട്ടുമെന്റിലാണ് താമസം. അച്ചൻ ഇടവകയിൽ നിന്ന് ശമ്പളം ഒന്നും വാങ്ങുന്നില്ല. അവർ ഭാര്യാ ഭത്താക്കന്മാക്ക് കിട്ടുന്ന ശമ്പളത്തിന്റെ ദശാംശം പള്ളിക്ക് കൊടുക്കുന്നുണ്ട്. അച്ചന് വീടുണ്ടെങ്കിലും മക്കൾ എല്ലാവരും കൂടെ വളരെ ഞെരുങ്ങിയാണ് കഴിച്ചു കൂട്ടുന്നത്. ഇങ്ങിനെ ഒരു സാഹചര്യത്തിൽ അവിടെ കേരളത്തിൽ നിന്ന് ഒരു മെത്രാച്ചൻ സന്ദശിക്കാനായി എത്തി.
അദ്ദേഹത്തിന്റെ ചെലവുകൾ എല്ലാം അച്ചനും കുടുംബവും ഏറ്റെടുത്തു. ആ പള്ളിയിലും ഒരു മെത്രാച്ചൻ വന്ന് ആരാധന നടത്തുന്നത് അവക്ക് വളരെ സന്തോഷമുള്ള കാര്യമാണല്ലോയെന്നു കരുതിയാണ് അച്ചൻ അതിന് തയാറായത്. എന്നാൽ വരുന്ന മെത്രാച്ചനെ എവിടെ താമസിപ്പിക്കും എന്നത് ചിന്താ വിഷയമായി. അച്ചന്റെ വീട്ടിൽ ഒട്ടും ഇടയില്ല. ബാക്കി എല്ലാ ഇടവകക്കാരും താമസിക്കുന്ന ഏതെങ്കിലും എപ്പാട്ടുമെന്റിൽ താമസിപ്പിക്കാതെ മറ്റു മാഗ്ഗമില്ല.
മോൻസിയും മോളിയും ഒരു നാലു വയസുള്ള മോളും ഉള്ള ഒരു എപ്പാട്ടുമെന്റിൽ താമസിപ്പിക്കാമെന്നേറ്റു. മുപ്പത്തിയഞ്ചു വയസുള്ള മോൻസി വളരെ വൈകിയാണ് വിവാഹം കഴിച്ചത്. അവക്ക് മക്കളുണ്ടാകത്തില്ല എന്നു കരുതിയിരുന്നവർ ആ പള്ളിയിൽ പ്രാത്ഥിച്ചുണ്ടായ മോളാണതെന്നാണ് അവരുടെ വിശ്വാസം. മോൻസിയും മോളിയും പ്രധാന കിടപ്പു മുറിയാലാണ് കിടക്കുന്നത്. തൊട്ടടുത്തുള്ള മുറിയിലാണ് നാലു വയസുള്ള മോളെ ഉറക്കുന്നത്. അതും കഴിഞ്ഞ് ഒരു ബെഡ് റൂം ഉള്ളത് വെറുതെ ഇട്ടിരിക്കുകയാണ്. ഒരു സെക്കന്റ്ഹാൻഡ് കമ്പ്യൂട്ടർ വാങ്ങിച്ചതാണ് ആ മുറിയലെ ഏക സാധനം. സത്യത്തിൽ അത് വാങ്ങിച്ചതല്ല. രണ്ടു മണിക്കൂർ അകലെ താമസിക്കുന്ന അയാളുടെ പെങ്ങൾ കൊടുത്തതാണ്. അത്യാവശ്യത്തിന് അത് ധാരാളമാണ്. അത് വെക്കാൻ മേശ അവിടെയുള്ള ഒരു ഗരേജ് സെയിലിൽ വാങ്ങിയതാണ്. അമേരിക്കയിൽ ഉപയോഗിച്ചു കഴിഞ്ഞ ശേഷം പഴകിയ സാധനങ്ങൾ തൂത്തു തുടച്ച് വളരെ വില കുറച്ച് കച്ചവടം നടത്തുന്നതിനെയാണ് ഗാരേജ് സെയിൽ എന്നു പറയുന്നത്. നമ്മുടെ മോൻസി അവിടെ ചെന്ന് അവരോട് പിന്നേയും പിന്നേയും വില തക്കിച്ച് വളരെ വില കുറച്ച് വാങ്ങിയതാണ് ആ കമ്പ്യൂട്ടർ മേശ. അത്യാവശ്യ ഉപയോഗത്തിന് ആ മേശ തന്നെ അധികപറ്റാണ്. ആ മേശ ഒന്ന് ഒതുക്കി വെച്ച് അവിടെയുള്ള കിടക്ക ഭംഗിയായി ഇട്ടു കഴിഞ്ഞപ്പോൾ മെത്രാച്ചന് കിടക്കാനുള്ള കിടക്ക ആയി.
അവക്ക് അവിടെ ആകെ കൂടെ വൺ അന്റ് ഹാഫ് ബാത്ത് റൂമാണുള്ളത്. അമേരിക്കയിൽ ഒരു കക്കൂസും കുളി മുറിയും കൂടെയുള്ളതിന് ഒരു ഫുൾ ബാത്ത് റൂമെന്നും; വെറും കക്കൂസു മാത്രമുള്ളതിന് ഹാഫ് ബാത്ത് എന്നുമാണ് പറയുന്നത്.

ഏകദേശം ആറടി പൊക്കവും അതിന് തക്ക നല്ല വണ്ണവും ഉള്ള മദ്ധ്യവയസുള്ള ആളാണ് മെത്രാച്ചൻ. അദ്ദേഹം വന്നപ്പോൾ അദ്ദേഹത്തെ വികാരിയച്ചൻ, അച്ചന്റെ വീട്ടിൽ അത്താഴ മേശ ഒരുക്കി. ഓത്ത്ഡോക്സ് സഭയിലെ മെത്രാച്ചന്മാർ ഭക്ഷണം കഴിക്കുന്നതിനാണ് ''മേശ'' എന്നു പറയുന്നത്. അടുത്ത ദിവസം കാലത്ത് വിശുദ്ധ കുബ്ബാനയും കഴിഞ്ഞ് പള്ളിയിൽ തന്നെ മേശ ഒരുക്കിയിരുന്നു. അതിനു ശേഷം മോൻസിയുടെ വീട്ടിൽ പോയി സുഖമായി ഒന്നുറങ്ങി. വൈകുന്നേരം വേറൊരു എപ്പാട്ടുമെന്റിലായിരുന്നു നാലു മണി കാപ്പി. അത്താഴം വേറൊരു എപ്പാട്ടു മെന്റിലായിരുന്നു ഒരുക്കിയിരുന്നത്. അതും കഴിഞ്ഞ് വളരെ വൈകി വന്ന മെത്രാച്ചൻ ഉറങ്ങാൻ പോയി.
മെത്രാച്ചന് ആ സ്ഥലത്തെ ആൾക്കാരുടെ ജീവിതം കണ്ട് അന്ധാളിച്ചു പോയി. ഇത് അമേരിക്ക തന്നെയാണോ എന്ന് അദ്ദേഹം ഓത്തു. വന്നു പെട്ടു; ഇനിയും എത്രയും പെട്ടന്ന് മടങ്ങിപോയാൽ മതിയെന്നായി. കേരളത്തിൽ പോലും ഇത്രയും ദയനീയ അവസ്ഥയിൽ കഴിയുന്ന കുടുംബം ഉണ്ടന്ന് അദ്ദേഹത്തിന് തോന്നുന്നില്ല. അച്ചന്റെ വീടൊഴിച്ച് മറ്റെല്ലായിടത്തും ആൾക്കാർ വേണ്ടാതായി കളയാൻ വെച്ചിരുന്ന സോഫായും കട്ടിലും മേശയും കിടക്കയുമെല്ലാമാണ് ആൾക്കാർ ഉപയോഗിക്കുന്നതെന്ന് കാണാൻ കഴിഞ്ഞു.
മോൻസിയുടെ മോൾ അദ്ധരാത്രിയിൽ ''മമ്മിയേ ഭൂതം'' എന്നു നിലവിളിച്ച് അവരുടെ മുറിയിലേക്ക് ഓടിക്കിതച്ച് എത്തി. അവരുടെ കൂടെ ആ കിടക്കയിൽ രാപാത്തു. പ്രമേഹത്തിന്റെ അസുഖമുള്ള മെത്രാച്ചൻ രാത്രിയിൽ മൂത്രം ഒഴിക്കാൻ പോയതാണ് കാരണം. മോൾ അവിടെ മൂത്രമൊഴിച്ചു കൊണ്ടിരുന്നപ്പോൾ ശിരോ വസ്ത്രം ഒന്നുമില്ലാതെ ഷേവു ചെയ്ത തലയും നീണ്ട താടിയുമെല്ലാമായിട്ട് അദ്ധ രാത്രിയിലെ ഇരുട്ടിൽ ആരു കണ്ടാലും ഭയ ചകിതരാകുമെന്നതിൽ യാതൊരു സംശയവുമില്ല. ആ മോൾ അവിടെ ഉണ്ടെന്നറിഞ്ഞിരുന്നെങ്കിൽ മെത്രാച്ചൻ യാതൊരു കാരണവശാലും അവിടേക്ക് പോകത്തില്ലായിരുന്നു. അടുത്ത മൂന്നാലു മാസത്തേക്ക് അമേരിക്കയിലേക്ക് പോകുകയാണല്ലോയെന്നു കരുതി അദ്ദേഹം തല ഏകദേശം വടിച്ചതുപോലെ വെട്ടിച്ചുരുക്കിയിരുന്നു. അങ്ങിനെയുള്ള അദ്ദേഹത്തെ ശിരോ വസ്ത്രമില്ലാതെ പകൽ ആണെങ്കിലും കണ്ടാൽ പെട്ടന്ന് ഭയപ്പെടാതിരിക്കില്ല. ആ അവസ്ഥയിൽ അദ്ധരാത്രിയിൽ ഒരു അല്പം പോലും വെട്ടമില്ലാത്തിടത്ത് നാലു വയസുകാരി കണ്ടപ്പോൾ ഭയചതിയായത്. മകളുടെ കരച്ചിലും ബഹളവുമെല്ലാം കേട്ടപ്പോൾ തന്നെ മോൻസിക്കും മോളിക്കും കാര്യം മനസ്സിലായി. നേരം പരപരാ വെളുത്തപ്പോൾ തന്നെ മെതാച്ചനെയും കൊണ്ട് അച്ചൻ പോയി.